# കരവാളൂർ ഗ്രാമപഞ്ചായത്ത്

# ബജറ്റ്

# 2026 - 2027

# ആമുഖം

ബഹുമാന്യരേ,

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപം മാറ്റിയ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ മുപ്പതാം വാർഷിക വേളയിൽ, കരവാളൂർ ഗ്രാമ പഞ്ചായത്ത് പുത്തൻ പ്രതീക്ഷകളുമായി പുതിയതായി അധികാരമേറ്റ ഭരണസമിതിയുടെ ആദ്യ ബജറ്റ്- 2026-27 സാമ്പത്തിക വർഷത്തേക്കുള്ളത് അവതരിപ്പിക്കുകയാണ്.

മനുഷ്യന്റെ ജീവിത കാലത്തിൽ ജാതിഭേദം, വർണ്ണ-വർഗ്ഗഭേദം എന്നിവയെ മറികടന്ന് മനുഷ്യനെ തുല്യരായി പരിഗണിക്കുന്ന ക്ഷേമത്തിൽ ഊന്നിയ സാമൂഹ്യ വികസന കാഴ്ച്ചപ്പാടോടെ പരിമിതമായ സമയത്തിൽ നിന്നുകൊണ്ടാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത്. ആസന്നമായ കേരള നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രഖ്യാപനം ഏത് സമയത്തും ഉണ്ടാകുമെന്നതിനാലും, കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയതായി ആരംഭിച്ച കെ-സ്മാർട്ട് ആപ്ലിക്കേഷൻ വഴി ആദ്യമായി തയ്യാറാക്കി അവതരിപ്പിക്കുന്നു എന്നതിനാലും, 2026-27 വാർഷിക പദ്ധതിയുടെ അന്തിമമായ അംഗീകാരം നേടിയിട്ടില്ല എന്നതിനാലും നേരിടേണ്ടിവന്ന പ്രശ്നങ്ങൾ പരമാവധി പരിഹരിച്ച് ബജറ്റ് അവതരിപ്പിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

മഹാമാരികൾക്കുമുമ്പിൽ തകർന്നടിഞ്ഞ സാമ്പത്തിക ശക്തികളായ പാശ്ചാത്യരാജ്യങ്ങൾക്കുപോലും മഹാമാരികളേയും പ്രകൃതി ദുരന്തങ്ങളേയും അതിജീവിച്ച കേരളത്തിന്റെ മാതൃക പഠനവിഷയമാണ്. പ്രതിസന്ധികൾ കൂടപ്പിറപ്പിനെപ്പോലെ കൂടെക്കൂടിയ കാലത്ത് ഒരേ സമയം ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനത്തിനും പശ്ചാത്തലവികസനത്തിനും പ്രമുഖ്യം നൽകുന്ന സംസ്ഥാന സർക്കാരിന്റെ മാതൃകയിൽ സർവ്വമേഖലയേയും പരിഗണിച്ചുകൊണ്ടും സ്വന്തമായി പാർപ്പിടം എന്ന മനുഷ്യന്റെ സ്വപ്നത്തിന് ലൈഫ് മിഷനിലൂടെ ചിറക് നൽകിയും, മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൌകര്യവികസനത്തിനും പ്രാമുഖ്യം നൽകിയും വരുമാന ചോർച്ച തടയുകവഴി പൊതുവരുമാനവർദ്ധന ലക്ഷ്യമിട്ടും പഞ്ചായത്തിന് കീഴിൽ ജനങ്ങൾക്ക് മികച്ച സേവനം ഉറപ്പ് നൽകിക്കൊണ്ടും ആണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

മാലിന്യ സംസ്കരണ രംഗത്ത് കൂടുതൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളിലും വീടുകളിലും അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളും ഉറപ്പാക്കേണ്ടതായിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ നേടിയിട്ടുള്ള വികസന മാതൃകകൾ തുടർന്നും നിലനിർത്തുന്നതിനും ഈ ഭരണ സമിതി ഊന്നൽ നൽകുന്നു. സ്മാർട് കൃഷി ഭവൻ പൂർത്തീകരണം, ഹോമിയോ ഡിസ്പെൻസറിക്ക് പുതിയ കെട്ടിട നിർമ്മാണം, ഗ്രാമീണ റോഡുകളുടെ നവീകരണം എന്നിവ അടുത്ത സാമ്പത്തിക വർഷം

യാഥാർത്ഥ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളും തയ്യാറാക്കുകയാണ്. "ഒരു കയ്യടിച്ചാൽ മാത്രം കൈയ്യടി കേൾക്കില്ല." എന്നതുപോലെ കക്ഷിഭേദമന്യേ എല്ലാവരും ഒരുമിച്ചുചേർന്ന് കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനും സമഗ്ര മേഖലയ്ക്കും സവിശേഷ പ്രാധാന്യം നൽകി വൈസ് പ്രസിഡന്റ് ഇവിടെ അവതരിപ്പിക്കുന്ന ബജറ്റിന് പിന്തുണ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**സ്നേഹപൂർവ്വം**

**ഡോ. കെ. ശരത്കുമാർ**
**പ്രസിഡന്റ്, കരവാളൂർ ഗ്രാമപഞ്ചായത്ത്**

# കരവാളൂർ ഗ്രാമപഞ്ചായത്ത്

## ബജറ്റ് 2025 – 26

**അവതരണം : ശ്രീമതി. മുംതാസ് മുസ്തഫ**

**(വൈസ് പ്രസിഡന്റ്, കരവാളൂർ ഗ്രാമപഞ്ചായത്ത്)**

ബഹുമാന്യരെ,

ബഹുമാനപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്,ആദരണീയരായ ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി, ഘടകസ്ഥാപന മേധാവികൾ, മറ്റ് ഉദ്യോഗസ്ഥ പ്രതിനിധികളെ....

കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ 2026–2027 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഈ യോഗത്തിൽ അവതരിപ്പിക്കുവാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പുതിയ ഭരണസമിതിയുടെ ആദ്യ ബജറ്റ് ഏറെ അഭിമാനത്തോടെ ഇവിടെ അവതരിപ്പിക്കുകയാണ്. പരിമിതമായ സമയത്തിനുള്ളിൽ നിന്ന് കൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയത്. എന്നാൽ പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെയും ഉദ്യോഗസ്ഥ സഹോദരങ്ങളുടെയും കൂട്ടായ പ്രവർത്തന ഫലമായി നമുക്ക് ഈ ബജറ്റ് ഇവിടെ തയ്യാറാക്കാൻ ആയതിൽ ഏറെ ചാരിതാർത്ഥ്യം ഉണ്ട്. മാറുന്ന കാലത്തിനനുസരിച്ച് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തിയും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പാക്കിയും ജനസേവനം കൂടുതൽ കാര്യക്ഷമമാക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഈ അവസരത്തിൽ മുൻകാല ഭരണസമിതികളേയും അവയുടെ സാരഥികളെയും ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിച്ചവരെയും സ്മരിക്കുന്നു.

പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ, ആസൂത്രണ സമിതി, വിവിധ വർക്കിംങ് ഗ്രൂപ്പുകൾ, ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റികൾ, വിവിധ മേഖലകളിലെ വിദഗ്ധർ എന്നിവടങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നതും കഴിഞ്ഞ കാലിക സമകാലിക പ്രശ്നങ്ങളെ മുൻനിർത്തിയുള്ളതുമായ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് കരവാളൂര് ഗ്രാമപഞ്ചായത്തിന് കേരളത്തിലെ മുൻനിര പഞ്ചായത്തുകളുടെ പട്ടികയിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുളത്. ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യവുമായി ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയിലൂടെ നിരവധി പേർക്ക് വീട് നൽകാൻ സാധിച്ചത് നമുക്ക് ഏറെ അഭിമാനത്തിനു വക നൽകുന്നു. എന്നിരുന്നാലും ഭവനരഹിതർ ഇല്ലാത്ത് കരവാളൂർ എന്ന സ്വപ്നം നടപ്പിലാക്കാൻ വരും കാലങ്ങളിൽ നമുക്ക് കൂടുതൽ കരുതലോടെ മുന്നോട്ട് പോകേണ്ടതുണ്ട്.

വിഭവ സമാഹരണത്തിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയും കേന്ദ്രസർക്കാർ അനുവദിക്കുന്ന ധനകാര്യ കമ്മീഷൻ വിഹിതം എന്നിവയോടൊപ്പം തന്നെ തനതു വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും കഴിഞ്ഞ നിരവധി വർഷങ്ങളായി

ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 2025 - 2026 സാമ്പത്തിക വർഷവും 100 ശതമാനം നികുതി പിരിവ് ലക്ഷ്യം കൈവരിക്കുക എന്ന നേട്ടത്തോട് നാം അടുക്കുകയാണ്. നികുതി സമാഹരണത്തോടൊപ്പം തന്നെ ആയത് ഫലപ്രദമായി വിനിയോഗിക്കുക കൂടി ചെയ്യുമ്പോൾ മാത്രമാണ് ആയത് പരിപൂർണ്ണമാക്കുന്നതിന് സാധിക്കുകയുള്ളൂ. വികസന കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വിവിധ മേഖലകളുമായി സംയോജനം നടത്തി വിഭവ പരിമിതി മറികടക്കുകയും ഒപ്പം വികസനത്തിന് സമഗ്രത കൈവരിക്കുകയും വേണം. അതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, നവകേരള മിഷനുകൾ, എം.പി., എം.എൽ.എ. ഫണ്ടുകൾ, ജില്ലാ ബ്ലോക്ക് വിഹിതങ്ങൾ എന്നിവയുടെ ലഭ്യതയും ഉറപ്പു വരുത്തേണ്ടതായിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതമായി ലഭിക്കുന്ന തുക സംബന്ധിച്ച് വ്യക്ത വരാത്തതിനാൽ ടി ഫണ്ട് ബജറ്റിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല.

സർക്കാർ, സർക്കാർ സ്ഥാപനങ്ങൾ, ഏജൻസികൾ, വകുപ്പുകൾ, എന്നിവയിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും തനതുവരുമാനവും കൂടിച്ചേരുന്നതാണ് നമ്മുടെ വിഭവസ്രോതസ്സ്. പഞ്ചായത്തിന്റെ സാമ്പ്രദായിക വരവിനങ്ങൾക്കു പുറമേ ശുചിത്വമിഷൻ ഫണ്ട്, വിവിധ സാമൂഹ്യ സുരക്ഷിതത്വ ഫണ്ടുകൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം കൂടാതെ 2025-26 വർഷത്തെ നീക്കി ബാക്കി ഉൾപ്പെടെ ആകെ **35,63,52,832** രൂപ 2026-27- ൽ വരവു പ്രതീക്ഷിക്കുന്നു. ആയതിൽ **34,71,17,779** രൂപ ചെലവു കഴിച്ച് **92,35,053** രൂപയുടെ മിച്ച ബജറ്റാണ് ഈ ഭരണസമിതി 2026-27 സാമ്പത്തിക വർഷത്തേക്ക് അവതരിപ്പിക്കുന്നത്.

കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ 2026 – 2027 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരണ വേളയിൽ സന്നിഹിതരായിട്ടുള്ള ഏവരെയും ഞാൻ അഭിവാദ്യം ചെയ്യുന്നു.

## മുൻഗണനാ പദ്ധതികൾ

### കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം

കാർഷിക മേഖലയിലെ പ്രശ്നങ്ങളെ മികച്ച രീതിയിൽ തരണം ചെയ്യുന്നതിനും, കൃഷി, മൃഗസംരക്ഷണം, ക്ഷീരോൽപാദന മേഖലകളിൽ നവീന സാങ്കേതികത കൊണ്ടുവരുന്നതിനുമുള്ള പരിശ്രമങ്ങളും ഈ വർഷത്തിൽ നടപ്പിലാക്കുന്നതാണ്. ഗ്രാമീണ സമ്പദ്ഘടനയുടെ അടിസ്ഥാന ഘടകമായ കാർഷിക മേഖലയുടെ ഉന്നമനത്തിന് ഈ ബജറ്റ് പ്രത്യേക പരിഗണന നൽകുന്നു. കാർഷിക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങള് കണ്ടറിഞ്ഞ് പരിഹാരമാർഗങ്ങള് നിർദേശിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക്, കിഴങ്ങ് വർഗം എന്നീ കൃഷികളുടെ വികസനത്തിന് ആവിശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. സ്മാർട്ട് കൃഷി ഭവൻ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് തയ്യാറായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് വളരെ പ്രയോജനകരമായിട്ടുള്ള കാർഷിക ഉപകരണങ്ങൾ നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപ്പര്യം ഉണ്ടാകുന്നതിന് സ്കൂളുകളിൽ പച്ചക്കറി കൃഷി ആരംഭിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

കർഷകർക്ക് ഏറെ പ്രയോജനകരമായ രീതിയിൽ ഏണി, തോട്ട തുടങ്ങിയ നൂതന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്.

ഉൽപാദന മേഖലയിൽ സുപ്രധാനപങ്ക് വഹിക്കുന്ന മൃഗസംരക്ഷണ, ക്ഷീരവികസന മേഖലയ്ക്കായി കാലിത്തീറ്റ വിതരണം, പാലിന് സബ്സിഡി, പശുക്കൾക്ക് ധാതുലവണ മിശ്രിതം, വനിതകൾക്ക് വരുമാനദായകമായി മുട്ടക്കോഴി വളർത്തൽ എന്നീ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. മൃഗസംരക്ഷണ മേഖലയിൽ ആവിശ്യമായ മരുന്നുകളുടെ ലഭ്യതയും മൃഗാശുപത്രിയിൽ ആവശ്യമായ ഉപകരണങ്ങൾ ഉറപ്പ് വരുത്തുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

കൃഷി, മൃഗസംരക്ഷണ, ക്ഷീര വികസന മേഖലക്കായി വിവിധ സ്രോതസുകളിൽ നിന്നായി 1,01,71,868 രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

## ആരോഗ്യം

ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട അനിവാര്യ ചുമതലയാണ് എന്ന തിരിച്ചറിവോടെയാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. ആരോഗ്യമുള്ള ജനതയാണ് ആരോഗ്യമുള്ള ഒരു രാഷ്ട്രത്തെ സൃഷ്ടിക്കുന്നത്. ആരോഗ്യ മേഖലയിലെ എല്ലാ വിഭാഗങ്ങളിലേയും അതായത് അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നിവയെ കൂട്ടി യോജിപ്പിച്ചുകൊണ്ടുള്ള ഒരു സംയോജിത പ്രവർത്തനം ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നുണ്ട്.

കരവാളൂർ കുടുംബാരോഗ്യകേന്ദ്രത്തിന് ദേശീയ ഗുണമേന്മ അംഗീകാരമായ നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. ശയ്യാവലംബികളായ വ്യക്തികളെ പരിചരിക്കുന്നതിനായി നിലവിലുള്ള പാലിയേറ്റീവ് കെയർ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കും. പൊതുജനങ്ങൾക്ക് വൈകുന്നേരം 6 മണി വരെ ചികിത്സ ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകി ഒരു ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ സേവനം തുടർന്നും ഉപയോഗപ്പെടുത്തുന്നതാണ്. കുടുംബാരോഗ്യകേന്ദ്രത്തിലേക്കാവിശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായുട്ടുള്ള തുക വകയിരുത്തുന്നതാണ്. വൃക്ക രോഗികളുടെ ക്ഷേമത്തിനായി ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന ജീവനം പദ്ധതിക്കായി 2026 – 2027 സാമ്പത്തിക വർഷവും തുക വകയിരുത്തിയിട്ടുണ്ട്. ക്ഷയരോഗികൾക്ക് ഭക്ഷണകിറ്റ് നൽകുന്നതിനായി 2,16,000 രൂപ വകയിരുത്തിയിട്ടുണ്ട്.

നിലവിലെ ആയുർവേദ ഡിസ്പെൻസറിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും. വയോജനങ്ങളുടെ ആരോഗ്യ പരിപാലനം ഉറപ്പാക്കുന്നതിനായി ആരംഭിച്ച വയോമിത്രം പദ്ധതി, സ്ത്രീകളുടെ പ്രസവശുശ്രൂഷയും നവജാത ശിശുക്കളുടെയും ആരോഗ്യസംരക്ഷണവും ഉറപ്പാക്കുന്ന സൂതികാമൃതം പദ്ധതി

എന്നിവക്കായി ആവിശ്യമായ തുക പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. ആയുർവേദ മരുന്നുകൾ വാങ്ങുന്നതിനായി വകയിരുത്തിയ തുകയ്ക്ക് പുറമേയാണ് ടി. തുക പ്രത്യേകമായി വകയിരുത്തിയിട്ടുള്ളത്. ആയുർവേദ ആശുപത്രിയ്ക്കായി കസേരകൾ വാങ്ങുന്നതിന് 45000 രൂപ വകയിരുത്തിയിട്ടുണ്ട്.

ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക എന്ന വളരെക്കാലമായുള്ള സ്വപ്നത്തിന് ഈ സാമ്പത്തിക വർഷം ഫലപ്രാപ്തിയുണ്ടാകുമെന്ന് അറിയിക്കുന്നു. 40 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങൽ എന്ന പദ്ധതിയ്ക്കായി 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആരോഗ്യമേഖലക്കായി ആകെ 68,61,000 രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

## ശുചിത്വം, മാലിന്യ സംസ്കരണം

മാലിന്യ പരിപാലന രംഗത്ത് ഹരിതകർമ്മ സേനയുടെ പ്രവർത്തനം മാതൃകാപരമാണ്. 32 അംഗങ്ങളാണ് ഇതിൽ പ്രവർത്തിച്ചു വരുന്നത്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും 100 ശതമാനം യൂസർഫീ കളക്ഷനാണ് ലക്ഷ്യമിടുന്നത്. ഹരിതകർമ്മ സേനകളുടെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കുകയാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഹരിതകർമ്മ സേനയുടെ വാഹനത്തിന് ആവിശ്യമായ തുക, ഹരിത കർമ്മസേനയുടെ അനുബന്ധ ചെലവുകൾ, ഹരിതമിത്രം ആപ്ലിക്കേഷനായുള്ള തുക, ഹരിത സഹായ സ്ഥാപനത്തിനുള്ള തുക കേന്ദ്ര ധനകാര്യ. കമ്മീഷൻ വിഹിതത്തിൽ നിന്നും പകയിരുത്തുന്നതാണ്.

കരവാളൂർ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പു വരുത്തുന്നതിനായി സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കും. എം.സി.എഫുകളുടെ പ്രവർത്തനം കൂടുതല് കാര്യക്ഷമമാക്കും. വെഞ്ചേമ്പിൽ പുതിയ എം.സി.എഫ് ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. എം.സി.എഫുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ, എം.സി.എഫ്. ഭൌതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവിശ്യമായ തുക വകയിരുത്തുന്നതാണ്.

ശുചിത്വ മാലിന്യ മേഖലക്കായി 25 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തുന്നു.

## ദാരിദ്ര ലഘൂകരണം - ഭവന നിർമ്മാണം

സ്വന്തമായി ഭവനമെന്നത് ഏതൊരു കുടുംബത്തിന്റെയും സ്വപ്നമാണ്. എല്ലാവർക്കും സുരക്ഷിത ഭവനം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി ആരംഭിച്ച ലൈഫ് ഭവന പദ്ധതിക്ക് എക്കാലത്തും മുന്തിയ പരിഗണനയാണ് നാം നൽകി വന്നിരുന്നത്. നേരത്തെ പറഞ്ഞതുപോലെ ജനറൽ പട്ടികജാതി വിഭാഗങ്ങളിലായി 376 കുടുംബങ്ങൾക്ക് വീടും, 107 കുടുംബങ്ങൾക്ക് വീടും വസ്തുവും നൽകുന്നതിന് സാധിച്ചിട്ടുള്ളതാണ്. ലൈഫ് 2020 പ്രകാരം തയ്യാറാക്കിയ പട്ടികയിൽ നിന്നും കുടുതല് പേർക്ക് വീടും വസ്തുവും നൽകേണ്ടതായിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതിക്കായി വിവിധ സ്രോതസ്സുകളിൽ നിന്നായി 8 കോടി രൂപ വകയിരുത്തുന്നു.

## പട്ടികജാതി, പട്ടികവർഗ്ഗ വികസനം

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ ആളുകളെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് എത്തിക്കാനും അവരുടെ വിദ്യാഭ്യാസ, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നു. ലൈഫ് ഭവന പദ്ധതി കൂടാതെ ഭവന പുനരുദ്ധാരണം, അർഹരായ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ലാപ്ടോപ്പ്, മേശ കസേര, പെൺകുട്ടികളുടെ വിവാഹ ധനസഹായം, പട്ടികജാതി വിഭാഗത്തിന് പ്രത്യകമായി എസ്.എസ്.കെ. വിഹിതം, പോഷാകാഹാര വിഹിതം, എൽ.പി. സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം എന്നിവയ്ക്കും തുക വകയിരുത്തുന്നു.

പട്ടികജാതി പട്ടികവർഗ മേഖലകളുടെ വികസനത്തിനായി വിവിധ സ്രോതസുകളിൽ നിന്നായി 1 കോടി 26 ലക്ഷത്തി മുപ്പത്തിയയ്യായിരം രൂപ വകയിരുത്തുന്നു.

## വനിതാ ശിശു വയോജന ക്ഷേമം

സ്ത്രീ ശാക്തീകരണം എന്നത്തേക്കാളധികം പ്രാധാന്യമുള്ള വിഷയമാക്കുന്ന ഒരു ലോക ക്രമത്തിൽ സ്ത്രീകൾക്കായി മുന്തിയ പരിഗണന ഈ ബഡ്ജറ്റിലും നൽകിയിട്ടുണ്ട്. പുതു തലമുറയെ ബൌദ്ധികമായും ശാരീരികമായും ശക്തിയുള്ളവരായി വാർത്തെടുക്കാൻ വേണ്ട പദ്ധതികളും ബഡ്ജറ്റിലുണ്ട്. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകിയ കുടുംബശ്രീ സംവിധാനം കൂടുതല് കാര്യക്ഷമമാക്കുന്നതിന് ആവിശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വനിതകൾക്ക് തൊഴിൽ സംരഭം ആരംഭിക്കുന്നതിനായും , സ്ത്രീ രോഗ ചികിൽസകൾക്കായും തുക വകയിരുത്തിയിട്ടുണ്ട്. ഉത്പാദന മേഖലയിൽ വനിതകൾക്കായി മുട്ടക്കോഴി വളർത്തൽ പദ്ധതികളും ഏറ്റെടുക്കുന്നതാണ്.

വനിത ഘടക പദ്ധതികൾക്കായി 27 ലക്ഷം രൂപ വകയിരുത്തുന്നു.

അംഗൻവാടികൾ വഴി കുട്ടികൾ, കൌമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ തുടങ്ങിയവർക്ക് പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനാവിശ്യമായ തുക വകയിരുത്തുന്നു. അനുപൂരക പോഷകാഹാര പദ്ധതികൾക്കായി ജനറൽ പട്ടികജാതി വിഭാഗത്തിലായി ലക്ഷം രൂപ വകയിരുത്തുന്നു. അംഗൻവാടി പ്രവർത്തകരുടെ അധിക വേതനം നൽകുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്.

വയോജനങ്ങളുടെ ക്ഷേമ പദ്ധതികൾക്കായി 10 ലക്ഷം രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്

## വിദ്യാഭ്യാസം, കല, സംസ്കാരം

പൊതു വിദ്യാഭ്യാസ യജ്ഞത്തിൻറെ ഭാഗമായി പഞ്ചായത്ത് പരിധിയിലുള്ള 4 എൽ.പി. സ്കൂളുകളുടെയും അടിസ്ഥാന സൌകര്യം ഉറപ്പു വരുത്തി കൂടുതല്

കുട്ടികളെ സർക്കാർ സ്കൂളുകളിലേക്ക് എത്തിക്കുന്നതാണ്. കരവാളൂർ, വെഞ്ചേമ്പ്, മാത്ര, നീലാമ്മാൾ എന്നീ എൽ.പി സ്കൂളുകളും നവീകരിക്കുന്നതാണ്. സർവ്വശിക്ഷ കേരള പദ്ധതിക്കായി ആവിശ്യമായ തുക വകയിരുത്തുന്നു. ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള 4 എൽ.പി.സ്കൂളുകളിലെയും കുട്ടികൾക്കായി പ്രഭാതഭക്ഷണ പദ്ധതി തുടർന്നും നടപ്പാക്കുന്നതാണ്. സ്കൂളുകളിലേക്ക് ആവിശ്യമായ ബെഞ്ച്, ഡെസ്ക്, പാചകത്തിന് ആവിശ്യമായ പാത്രങ്ങൾ എന്നിവ വാങ്ങുന്നതിനായി ആവിശ്യമായ തുക വകയിരുത്തുന്നതാണ്.

ഭാരതത്തിന്റെ ചരിത്രത്തെ വളച്ചൊടിക്കാനും, ചരിത്രപുരുഷരെ തമസ്കരിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നു വരുന്ന സാഹചര്യത്തിൽ സാംസ്കാരിക മേഖലയക്ക് പ്രധാന്യം നൽകേണ്ടതായിട്ടുണ്ട്. നമ്മുടെ സാംസ്കാരത്തെ പറ്റി ബോധവാൻമാരാക്കി പുതുതലമുറയെ വളർത്തേണ്ടതായിട്ടുണ്ട്. മദ്യം മറ്റ് ലഹരി ഉപയോഗം എന്നിവയിൽ നിന്നും പുതുതലമുറയെ രക്ഷിക്കുന്നതിനും സാംസ്കാരികമായി ഏറെ പ്രവർത്തനങ്ങൾ നാം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ യുവതീ യുവാക്കളുടെ കായിക കലാ ശേഷികള് പ്രോത്സാഹിപ്പിക്കുന്നതിന് കേരളോത്സവം അടുത്ത സാമ്പത്തിക വർഷവും നടപ്പാക്കുകയും കൂടുതൽപ്പേരെ ഈ മേളയുടെ ഭാഗമാക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള വായനശാലകൾക്ക് പത്ര മാസികകൾ തുടർന്നും നൽകുന്നതാണ്. ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ അനുദിനം മാറികൊണ്ടിരിക്കുകയാണ്. മാറുന്ന ലോക സാഹചര്യത്തിൽ ജനങ്ങളുടെ ഉല്ലാസത്തിനുമുള്ള പദ്ധതികള് നാം ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. ഇത്തരം ആശയത്തോടെ നടപ്പാക്കുന്ന ഹാപ്പിനസ് പാർക്കിന് സ്ഥലം കണ്ടെത്തുന്നതാണ്. സ്ഥലം ലഭ്യമാകുന്ന മുറക്ക് ഇരിപ്പിടം, മറ്റ് വിനോദ ഉപാധികൾ, സെൽഫി കോർണർ, മൊബൈല് റീ ചാർജ്ജിംഗ് സംവിധാനങ്ങൾ, ലൈറ്റിംഗ് സംവിധാനങ്ങൾ എന്നിവ ഒരുക്കുന്നതാണ്. വിവിധ ഇവന്റുകൾക്ക് സജ്ജമായ രീതിയിൽ ഭാവിയിൽ ഇത്തരം സംവിധാനങ്ങളെ മാറ്റുന്നതാണ്.

## സാമൂഹിക സുരക്ഷിതത്വം

ആധുനികകാലഘട്ടത്തിൽ സാമൂഹിക സുരക്ഷിതത്വത്തിന് ഏറെ പ്രാധന്യമർഹിക്കുന്നു. ആരോഗ്യരംഗത്ത് വളരെക്കാലം മുൻപിലായ നമ്മുടെ ആയൂർദൈർഘ്യം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെക്കൂടുതലാണ്. ആയതിനാൽതന്നെ വയോജനങ്ങളുടെ എണ്ണം കേരളത്തിൽ വളരെക്കൂടുതലാണ്. വയോജനങ്ങളുടെ മാനസ്സിക ഉല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനും പദ്ധതികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. കരിയിലുംമുകളിലുള്ള വയോജന സംരക്ഷണകേന്ദ്രത്തിന്റെയും തിരുവഴിമുക്കിലെ പകൽവീടിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കും.

വയോജനങ്ങളുടെ ആരോഗ്യ പരിപാലനത്തിന് ആയുർവേദ ചികിത്സ ഉറപ്പാക്കുന്നതാണ്. പൊതുവിഭാഗത്തിലെയും പട്ടികജാതി വിഭാഗത്തിലെയും വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനുള്ള തുക വകയിരുത്തുന്നതാണ്.

അഗതികേരളം ആശ്രയ പദ്ധതി സർക്കാർ തുടർനിർദേശ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്.

മാനസിക ശാരീരിക ബുദ്ധിമുട്ടുകള് അനുഭവിക്കുന്ന കുട്ടികൾക്കും രക്ഷിതാക്കൾക്കും പ്രയോജനകരമായി പഞ്ചായത്ത് പരിധിയിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

അർഹരായ മുഴുവന് പേർക്കും ക്ഷേമപെൻഷനുകൾ അനുവദിക്കും. സർക്കാർ വിഹിതമായി 16 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നടപ്പിൽവരുത്തുന്ന മാറ്റങ്ങൾ കേരളത്തിലെ സാഹചര്യത്തിൽ പഞ്ചായത്തിനും തൊഴിലാളികൾക്കും ദോഷകരമായി ബാധിക്കുമോ എന്ന ആശങ്കയാണ് എല്ലാവർക്കുമുള്ളത്. 10 കോടി രൂപ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെലവഴിക്കാനാകുമെന്ന് കരുതുന്നു. പൊതുജനസേവനം എന്നത് ഒരു അവകാശമാണെന്നതുകൊണ്ട് തന്നെ സർക്കാർ നടപ്പിലാക്കിയ കെ-സ്മാർട്ട് സേവനങ്ങൾ പൊതുജനങ്ങൾക്ക് വേണ്ടവിധത്തിൽ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സഹായം നൽകുന്നതിന് കുടുംബശ്രീയുടെ സഹായത്തോടെ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## അടിസ്ഥാന സൌകര്യ വികസനം

മലയോര പ്രദേശമായ നമ്മുടെ പഞ്ചായത്തിന്റെ പൊതു അടിസ്ഥാന സൌകര്യങ്ങളിൽ പെടുന്ന റോഡുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ വികസനം ബഡ്ജറ്റിൽ സവിശേഷമായി ഉൾകൊള്ളിച്ചിട്ടുണ്ട്. ഗ്രാമീണ റോഡുകളെ പഞ്ചായത്തിലെ പ്രധാന റോഡുകളുമായി ബന്ധിപ്പിച്ച് കൂടുതൽ മെച്ചപ്പെട്ട ഗതാഗത സംവിധാനങ്ങൾ നടപ്പാക്കിയത് മൂലം റോഡ് ഗതാഗത്തിൽ മുന്നേറ്റം നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി റോഡുകളുടെ വശങ്ങള് കുഴിച്ചത് മൂലം ഒട്ടേറെ റോഡുകള് ഇപ്പോൾ തകർന്നു കിടക്കുന്ന അവസ്ഥയാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിലെ റോഡുകൾ മുൻഗണനയും പ്രാധാന്യവുമനുസരിച്ച് നവീകരിക്കും. പഞ്ചായത്തിലെ റോഡുകളുടെ നവീകരണത്തിനായി 1 കോടി 76 ലക്ഷം രൂപ വകയിരുത്തുന്നു.

റോഡുകളുടെ നവീകരണത്തോടോപ്പം തന്നെ പഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. 2019 മുതൽ ഐ.എസ്.ഒ. അംഗീകാരം നേടിയ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം കൂടുതൽ മെച്ചപ്പെടുത്തി ആധുനികവത്കരിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് എന്നതു പോലെ ഘടക സ്ഥാപനങ്ങളും ഐ.എസ്.ഒ. നിലവാരത്തിലേക്ക് എത്തിക്കേണ്ടതായിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൌകര്യവികസനത്തിനുമായി മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഇനത്തിൽ പെടുത്തി 94 ലക്ഷത്തി 57 ആയിരം രൂപ വകയിരുത്തിയിട്ടുണ്ട്.

ബഹുമാന്യരെ,

കഴിഞ്ഞകാലങ്ങളിലെ അനുഭവങ്ങൾ ഉൾക്കൊണ്ട്കൊണ്ട് സമസ്തമേഖലകളിലും മുന്നേറ്റത്തിന്റെ പുതിയഗാഥകൾ രചിക്കാന് നമുക്ക് കഴിയണം. പ്രതിസന്ധികൾ മറികടക്കുന്നതിന് പരിമിതമായ സമ്പത്തിന്റെ സമതുലിതമായ വിതരണമാണ് ആധാരമാക്കേണ്ടത്. ലഭ്യമായ വിഭവങ്ങൾ യുക്തിസഹമായി വകയിരുത്തി പഞ്ചായത്തിൻറെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. തനത് ഫണ്ട് സമാഹരണത്തിന് കാര്യക്ഷമമായ മാർഗ്ഗങ്ങൾ ഈ ബഡ്ജറ്റിൻറെ ഭാഗമാക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. നമ്മുടെ കൂട്ടായ പ്രവർത്തനം വഴി ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്ന വികസന കാഴ്ചപ്പാട് പ്രാവർത്തികമാക്കാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ച് കൊണ്ടും, കരവാളൂർ ഗ്രാമപഞ്ചായത്തിനെ **"മാതൃക ഗ്രാമപഞ്ചായത്ത്"** ആക്കി മാറ്റാനുള്ള ശ്രമത്തിന് എല്ലാവരുടെയും പൂർണ്ണമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ആകെ **35,63,52,832** രൂപ വരവും **34,71,17,779** രൂപ ചെലവും **92,35,053** രൂപ നീക്കിയിരുപ്പും പ്രതീക്ഷിക്കുന്ന 2026 – 2027 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബഡ്ജറ്റ് വിശദമായ ചർച്ചകൾക്കായി സമർപ്പിച്ചുകൊള്ളുന്നു.

(ഒപ്പ്)
**മുംതാസ് മുസ്തഫ**
വൈസ് പ്രസിഡൻറ് & ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
കരവാളൂർ ഗ്രാമപഞ്ചായത്ത്